REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 08- 12-2025** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- **ദേശീയ ഗീതം വന്ദേരമാതരത്തിന്റെ 150-ാം വാർഷികത്തിന്റെ ഭാഗമായ പ്രത്യേക ചർച്ചയ്ക്ക് ലോക്സഭയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കമിട്ടു.**
- **പത്തു വർഷത്തിനിടെ മുദ്രായോജനയിലൂടെ രാജ്യത്തെ പൗരന്മാരുടെ സാമ്പത്തിക ശേഷി വർദ്ധിച്ചതായി കേന്ദ്രമന്ത്രി അർജ്ജുൻ റാം മേഘ്‌വാൾ.**
- **കൊച്ചിയിൽ നടിയെ പീഡിപ്പിച്ചുവെന്ന കേസിൽ എട്ടാം പ്രതി, നടൻ ദിലീപിനെ എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതി കുറ്റവിമുക്തനാക്കി. ഒന്ന് മുതൽ ആറ് വരെ പ്രതികൾ കുറ്റക്കാർ.**
- **സംസ്ഥാനത്ത് തദ്ദേശ തെരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ടത്തിൽ വോട്ടെടുപ്പ് നടത്തുന്ന ഏഴ് ജില്ലകളിൽ ഇന്ന് നിശബ്ദ പ്രചാരണം.**
- **ഇന്ത്യ-ദക്ഷിണാഫ്രിക്ക ട്വന്റി -20 ക്രിക്കറ്റ് പരമ്പരയ്ക്ക് നാളെ തുടക്കം.**

## വാർത്തകൾ വിശദമായി

ദേശീയ ഗീതം വന്ദേരമാതരത്തിന്റെ 150-ാം വാർഷികത്തിന്റെ ഭാഗമായ പ്രത്യേക ചർച്ച ലോക്സഭയിൽ ആരംഭിച്ചു. പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് ചർച്ചകൾക്ക് തുടക്കമിട്ടത്. പത്തു മണിക്കൂറാണ് ചർച്ചയ്ക്ക് സമയം നൽകിയിരിക്കുന്നതെന്ന് പാർലമെന്ററി കാര്യമന്ത്രി കിരൺ റിജിജു പറഞ്ഞു. രാജ്നാഥ് സിംഗ് അടക്കം കേന്ദ്രമന്ത്രിമാരും കോൺഗ്രസിനു വേണ്ടി

ഉപനേതാവ് ഗൗരവ് ഗോഗോയും, പ്രിയങ്കാഗാന്ധിയും, ദീപേന്ദ്രഹൂഡയും സംസാരിക്കും.

ലോക്സഭാ സ്പീക്കർ ഓം ബിർളയുടെ അധ്യക്ഷതയിൽ കഴിഞ്ഞ ദിവസം ചേർന്ന സർവ കക്ഷി യോഗത്തിലാണ് ഇന്ന് വന്ദേമാതര ചർച്ചയും നാളെയും മറ്റന്നാളുമായി തീവ്ര വോട്ടർപട്ടിക പരിഷ്കരണ ചർച്ചയും നടത്താൻ തീരുമാനമായത്.

നാളെ രാജ്യസഭയിൽ വന്ദേമാതര ചർച്ചയ്ക്ക് ആഭ്യന്തര മന്ത്രി അമിത്ഷാ തുടക്കമിടും. ബുധൻ, വ്യാഴം ദിവസങ്ങളിലാണ് രാജ്യസഭയിൽ SIR വിഷയത്തിൽ ചർച്ച.

✪✪✪

ഇന്ത്യൻ പാരമ്പര്യങ്ങളെയും, മൂല്യങ്ങളെയും അടിസ്ഥാനമാക്കിയാണ് ദൂരദർശൻ സുപ്രഭാതം പരിപാടി അവതരിപ്പിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. സുപ്രഭാതം അറിവിന്റെയും, പ്രചോദനത്തിന്റെയും, നന്മയുടെയും സംഗമമാണെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. തിങ്കൾ മുതൽ വെള്ളി വരെ രാവിലെ ഏഴിനാണ് അര മണിക്കൂർ ദൈർഘ്യം വരുന്ന സുപ്രഭാതം പരിപാടി സംപ്രേഷണം ചെയ്യുന്നത്.

✪✪✪

പൈതൃക സംരക്ഷണത്തിനായി യുനെസ്കോയുടെ അന്തർ ഗവൺമെന്റ് സമിതിയുടെ ഇരുപതാം സമ്മേളനം ഇന്ന് ന്യൂഡൽഹിയിലെ ചുവപ്പുകോട്ടയിൽ ആരംഭിക്കും. യുനെസ്കോയിലെ ഇന്ത്യയുടെ അംബാസഡറും സ്ഥിരം പ്രതിനിധിയുമായ വിശാൽ V ശർമ്മയുടെ അധ്യക്ഷതയിലാണ് സമ്മേളനം.

✪✪✪

കാശി തമിഴ് സംഗമത്തിന്റെ ഭാഗമായി എത്തിയ തമിഴ് സംഘത്തിന് വാരണാസിയിൽ സ്വീകരണം നൽകി. എഴുത്തുകാരും മാധ്യമ പ്രവർത്തകരും ഉൾപ്പെടുന്നതാണ് സംഘം. ഏക് ഭാരത് ശ്രേഷ്ഠ ഭാരതം എന്ന ദർശനം ഉൾക്കൊണ്ടാണ് കാശി തമിഴ് 4.0 സംഗമം.

✪✪✪

ചൈനയുമായി ബന്ധം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 32 വർഷത്തിനു ശേഷം ഇന്ത്യ ഷാങ്ഹായിൽ പുതിയ കോൺസുലേറ്റ് കെട്ടിടം തുറന്നു. ചൈനയിലെ ഇന്ത്യൻ അംബാസഡർ പ്രദീപ് കുമാർ റാവത്തും കോൺസൽ ജനറൽ പ്രതീക് മാത്തൂറും ചേർന്നാണ് ഓഫീസ് ഉദ്ഘാടനം ചെയ്തത്.

✪✪✪

പത്തു വർഷത്തിനിടെ മുദ്രായോജനയിലൂടെ രാജ്യത്തെ പൗരന്മാരുടെ സാമ്പത്തിക ശേഷി വർദ്ധിച്ചതായി കേന്ദ്രമന്ത്രി അർജ്ജുൻ റാം മേഘ്‌വാൾ പറഞ്ഞു. പദ്ധതി നടപ്പാക്കിയതിന്റെ ഭാഗമായി 25 കോടി ആളുകൾ ദാരിദ്ര്യ രേഖയ്ക്ക് പുറത്തേക്ക് വന്നതായി അദ്ദേഹം ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. എല്ലാ വീടുകളിലും വൈദ്യുതിയും, ശുചിമുറിയും ലഭ്യമാക്കാൻ ഗവൺമെന്റിന് കഴിഞ്ഞെന്നും അദ്ദേഹം അറിയിച്ചു. മോദി ഗവൺമെന്റിന്റെ നയം സാമൂഹിക നീതിയുടെ ആത്മാവ് ഉയർത്തിയെന്നും അർജ്ജുൻ റാം മേഘ്‌വാൾ വ്യക്തമാക്കി.

✪✪✪

E- പാൻകാർഡുകൾ ഡൗൺലോഡ് ചെയ്യാൻ ഗവൺമെന്റ് ജനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന e - mail സന്ദേശം വ്യാജമാണെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാന്വേഷണ യൂണിറ്റ് അറിയിച്ചു. സാമ്പത്തികവും, സുപ്രധാനവുമായ വിവരങ്ങൾ പങ്കുവെയ്ക്കാൻ ആവശ്യപ്പെട്ട് ലഭിക്കുന്ന ഇ-മെയിലുകൾ, ലിങ്കുകൾ, കോളുകൾ എന്നിവയോട് പ്രതികരിക്കരുതെന്ന് PIB ഫാക്ട്ചെക് യൂണിറ്റ് നിർദ്ദേശിച്ചു.

✪✪✪

ഇൻഡിഗോ വിമാനങ്ങളുടെ കൂട്ട റദ്ദാക്കലുമായി ബന്ധപ്പെട്ട ഹർജി അടിയന്തിരമായി പരിഗണിക്കാൻ സുപ്രീംകോടതി വിസമ്മതിച്ചു. കേന്ദ്ര ഗവൺമെന്റ് വിഷയം ഇതിനകം തന്നെ പരിഗണിച്ചിട്ടുണ്ട് എന്ന് കാണിച്ചാണ് ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ബഞ്ചിന്റെ നടപടി.

✪✪✪

2017 ൽ കൊച്ചിയിൽ നടിയെ പീഡിപ്പിച്ച കേസിൽ ഗൂഢാലോചന കുറ്റം ചുമത്തപ്പെട്ട എട്ടാം പ്രതി, നടൻ ദിലീപിനെ എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതി കുറ്റവിമുക്തനാക്കി. ഒന്നാം പ്രതി പൾസർ സുനി മുതൽ ആറാം പ്രതി വരെ കൂട്ടബലാത്സംഗമടക്കം ആരോപണങ്ങളിൽ കുറ്റക്കാരാണെന്നും കോടതി ഉത്തരവിട്ടു. ഇവരുടെ ശിക്ഷ ഈ മാസം 12 ന് വിധിയ്ക്കും.

സെഷൻസ് ജഡ്ജി ഹണി M വർഗീസ് ആണ് എട്ട് വർഷത്തോളം നീണ്ട വിചാരണയ്ക്കൊടുവിൽ തുറന്ന കോടതിയിൽ വിധി പ്രസ്താവിച്ചത്. ദിലീപ് ആണ് കുറ്റകൃത്യത്തിന് പിന്നിലെ മുഖ്യ ഗൂഢാലോചനക്കാരൻ എന്നായിരുന്നു പ്രോസിക്യൂഷന്റെ ആരോപണം.

2017 ഫെബ്രുവരി 17-ന് കൊച്ചി നഗരപ്രാന്തത്തിൽ ഓടിക്കൊണ്ടിരുന്ന വാഹനത്തിൽ നടിയെ പീഡിപ്പിച്ച ശേഷം വിഡിയോ ചിത്രീകരിക്കുകയും

ചെയ്തുവെന്നായിരുന്നു കേസ്. നടിയെ തട്ടിക്കൊണ്ടുപോകാനും, പീഡിപ്പിക്കാനും ക്രിമിനൽ ഗൂഢാലോചന നടത്തിയത് ദിലീപ് ആണെന്ന് പൾസർ സുനി അടക്കം പ്രതികൾ  മൊഴി നൽകിയിരുന്നു. മാർട്ടിൻ ആന്റണി, മണികണ്ഠൻ, വിജീഷ്, സലിം, പ്രദീപ്, ചാർളി തോമസ് എന്നിവരാണ് കുറ്റക്കാരെന്നു കണ്ടെത്തിയ മറ്റു പ്രതികൾ.

കേസിൽ ഹൈക്കോടതി ജാമ്യം അനുവദിക്കുന്നതുവരെ 80 ദിവസം ദിലീപ് കസ്റ്റഡിയിലായിരുന്നു.

✪✪✪

ഒരു സംഘം ക്രിമിനൽ പോലീസുകാർ മെനഞ്ഞ കള്ളക്കഥ പൊളിഞ്ഞുവെന്നും സത്യം ജയിച്ചുവെന്നും നടൻ ദിലീപ് പ്രതികരിച്ചു. തന്റെ കരിയറും ഇമേജും ജീവിതവും തകർക്കാനാണ് ശ്രമം നടത്തിയതെന്നും ഇതിനെതിരായ നിയമ പോരാട്ടത്തിൽ ഒപ്പം നിന്ന എല്ലാവർക്കും നന്ദി പറയുന്നുവെന്നും ദിലീപ് മാധ്യമങ്ങളോട്  പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് തദ്ദേശ തെരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ടത്തിൽ വോട്ടെടുപ്പ് നടത്തുന്ന ഏഴ് ജില്ലകളിൽ ഇന്ന് നിശബ്ദ പ്രചാരണമാണ്. തിരുവനന്തപുരം മുതൽ എറണാകുളം വരെ ജില്ലകളിൽ നാളെ രാവിലെ ഏഴിന് വോട്ടെടുപ്പ് തുടങ്ങും. ഇവിടങ്ങളിലെ പരസ്യപ്രചാരണം ഇന്നലെ വൈകിട്ട് സമാപിച്ചു.

ആദ്യ ഘട്ടത്തിൽ ഒരു കോടി 32 ലക്ഷത്തി 83,789 വോട്ടർമാർക്കാണ് സമ്മതിദാനാവകാശം. ഇതിൽ 70 ലക്ഷത്തി 32,444 പേർ സ്ത്രീകളും 62 ലക്ഷത്തി 51,219 പേർ പുരുഷന്മാരുമാണ്. 126 ട്രാൻസ് ജെൻഡർ വോട്ടർമാരും 456 പ്രവാസി വോട്ടർമാരും പട്ടികയിലുണ്ട്.  ഒരു ട്രാൻസ്ജെൻഡർ സ്ഥാനാർത്ഥി ഉൾപ്പെടെ 36,630 സ്ഥാനാർഥികളാണ് ആദ്യ ഘട്ടത്തിൽ മത്സര രംഗത്ത്.

രണ്ടാം ഘട്ട വോട്ടെടുപ്പിന്റെ പരസ്യപ്രചാരണം നാളെ വൈകിട്ട് അവസാനിക്കും. വ്യാഴാഴ്ചയാണ് തൃശൂർ മുതൽ കാസർകോട് വരെ ജില്ലകളിൽ രണ്ടാം ഘട്ടത്തിൽ വോട്ടെടുപ്പ്.

✪✪✪

ഈ മാസം  11 ന്  രണ്ടാം ഘട്ടത്തിലെ വോട്ടെടുപ്പും 13ന് വോട്ടെണ്ണലും നടക്കുന്നതിനാൽ നാളെ വൈകീട്ട് ആറ്  മുതൽ 11-ന് പോളിംഗ് അവസാനിക്കുന്നത് വരെയും, 13 നും  വടക്കൻ ജില്ലകളിൽ ഡ്രൈ ഡേ പ്രഖ്യാപിച്ചു.  കണ്ണൂർ ജില്ലയുമായി അതിർത്തി പങ്കിടുന്ന പോലീസ് സ്റ്റേഷൻ

പരിധികളിൽ ഡ്രൈ ഡേ പ്രഖ്യാപിക്കണമെന്ന് കർണാടകത്തിലെ കുടക് ജില്ലാ പൊലീസ് അധികൃതരോട് കണ്ണൂർ ജില്ലാ കലക്ടർ അഭ്യർത്ഥിച്ചു.

✪✪✪

മലപ്പുറം എടക്കര മൂത്തേടം പഞ്ചായത്തിലെ ഏഴാം വാർഡിലെ UDF സ്ഥാനാർഥി കുഴഞ്ഞുവീണു മരിച്ചു. മുസ്ലിംലീഗ് സ്ഥാനാർഥി വട്ടത്ത് ഹസീനയാണ് മരിച്ചത്. 52 വയസ്സായിരുന്നു. രാത്രി വരെ നീണ്ട പ്രചാരണത്തിന് ശേഷം വീട്ടിലെത്തിയ ശേഷമായിരുന്നു മരണം.

✪✪✪

രണ്ടാംഘട്ട വോട്ടെടുപ്പ് നടക്കുന്ന ജില്ലകളിലെ പോസ്റ്റ് ഓഫീസുകൾ ഇന്ന് വൈകിട്ട് 6 വരെ തുറന്നു പ്രവർത്തിക്കും. തപാൽ ബാലറ്റിനുള്ള അപേക്ഷകളും തപാൽ ബാലറ്റുകളും അയക്കുന്നതിനും സ്വീകരിക്കുന്നതിനും വേണ്ടിയാണ് നടപടി.

✪✪✪

സംസ്ഥാനത്തെ ആദ്യത്തെ ഗോത്രവർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയിൽ വോട്ടെടുപ്പിന് മുന്നൊരുക്കങ്ങൾ പൂർത്തിയായി. പോളിംഗ് ഉദ്യോഗസ്ഥരുടെ സംഘം പോളിംഗ് സാമഗ്രികളുമായി ബൂത്തുകളിലേക്ക് യാത്ര തിരിച്ചു.

ഇടുക്കിയിൽ നിന്ന് രതീഷ് കൃഷ്ണ.

.......(വോയ്സ്)........

✪✪✪

ഇന്ത്യ-ദക്ഷിണാഫ്രിക്ക ട്വന്റി -20 ക്രിക്കറ്റ് പരമ്പര നാളെ തുടങ്ങും. ഒഡീഷയിലെ കട്ടക് ബരാബതി സ്റ്റേഡിയത്തിൽ രാത്രി ഏഴിനാണ് ആദ്യ മൽസരം. പരമ്പരയിൽ അഞ്ച് മൽസരങ്ങളുണ്ട്.

✪✪✪

ദക്ഷിണാഫ്രിക്കൻ പര്യടനം നടത്തുന്ന ഇന്ത്യൻ പുരുഷ ഹോക്കി ടീം രണ്ടാം മൽസരത്തിൽ ഇന്ത്യൻ സമയം രാത്രി 8:30-ന് കേപ് ടൗണിലെ ഹാർട്ട്‌ലിവെയ്ൽ സ്റ്റേഡിയത്തിൽ ആതിഥേയരെ നേരിടും. പരമ്പരയിൽ മൂന്ന് മത്സരങ്ങളുണ്ട്.

✪✪✪

ISSF ഷൂട്ടിംഗ് വേൾഡ് കപ്പ് ഫൈനൽ മത്സരത്തിൽ വനിതകളുടെ 25 മീറ്റർ പിസ്റ്റൾ ഇനത്തിൽ സിമ്രാൻപ്രീത് കൗർ സ്വർണ്ണ മെഡൽ നേടി. പുരുഷന്മാരുടെ 50 മീറ്റർ റൈഫിൾ 3-പൊസിഷൻസ് ഇനത്തിൽ, ഐശ്വര്യ പ്രതാപ് സിംഗ് തോമറിനാണ് വെള്ളി മെഡൽ.

✪✪✪

സ്ക്വാഷ് ലോകകപ്പിന് നാളെ ചെന്നൈ SDAT സ്റ്റേഡിയത്തിൽ തുടക്കമാകും. ആതിഥേയരായ ഇന്ത്യയ്ക്കു പുറമെ ഈജിപ്ത്, മലേഷ്യ എന്നിവയുൾപ്പെടെ 12 രാജ്യങ്ങൾ പങ്കെടുക്കും. പുരുഷടീമിൽ ഇന്ത്യക്കായി ഒന്നാം നമ്പർ താരം അഭയ്സിംഗ്, വേലവൻ സിന്തിൽകുമാറിനൊപ്പം കളിക്കും. വനിതാവിഭാഗത്തിൽ ഒന്നാം നമ്പർ താരം അനാഹത് സിംഗും, ജോഷ്ന ചിന്നപ്പയുമാണ് മത്സരിക്കുക. ഈ മാസം 14 വരെയാണ് സ്ക്വാഷ് ലോകകപ്പ്.

✪✪✪

കുന്ദമംഗലത്ത് സംസ്ഥാന ജൂനിയർ വോളിബാളിൽ കോഴിക്കോട് ജേതാക്കളായി. ഫൈനലിൽ തിരുവനന്തപുരത്തെയാണ് ആതിഥേയർ പരാജയപ്പെടുത്തിയത്.

✪✪✪

ശബരിമല സ്വർണ്ണക്കൊള്ള- ദ്വാരപാലക കേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് എ. പത്മകുമാറിനെ ഒരു ദിവസത്തേക്ക് പ്രത്യേക അന്വേഷണസംഘത്തിന്റെ കസ്റ്റഡിയിൽ വിട്ടു. കൊല്ലം വിജിലൻസ് കോടതിയുടെതാണ് നടപടി.പത്മകുമാറിനെ പോലീസ്ക്ലബിൽ ചോദ്യംചെയ്യും..കട്ടിളപ്പാളി കേസിൽ പത്മകുമാറിന്റെ ജാമ്യഹർജിയിൽ വാദം പൂർത്തിയായി. ഈ മാസം 12 ന് വിധിപറയും.

റിമാൻഡ് കാലാവധി നീട്ടാനായി തിരുവാഭരണം മുൻ കമ്മീഷണർ എൻ. വാസുവിനെ കൊല്ലം വിജിലൻസ് കോടതിയിൽ ഹാജരാക്കി.

✪✪✪

---

*News Editor വി.കെ സുരേഷ്*
*News Reader: സയ്യിദ് അലി ശിഹാബ്*
*NRTs: -അനിൽ ചന്ദ്രൻ*
*DEO : ഷീബ*